പ്രകാശവചനം ● അബൂദർറ് എടയൂർ

# അങ്ങാടി പിശാചിന്റെ സങ്കേതം

عَنْ أَبِي هُرَيْرَةَ أَنْ رَسُولَ اللَّهِ ﷺ، قَالَ: "أَحَبُّ الْبِلَادِ إِلَى اللَّهِ مَسَاجِدُهَا، وَأَبْغَضُ الْبِلَادِ إِلَى اللَّهِ أَسْوَاقُهَا"

**അബൂഹുറയ്റ(റ)യിൽ നിന്ന് നിവേദനം. നബി(സ) പറഞ്ഞു: സ്ഥലങ്ങളിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് പള്ളിയും, ഏറ്റവും വെറുപ്പുള്ളത് അങ്ങാടിയുമാകുന്നു (മുസ്‌ലിം).**

ആത്മീയോൽകർഷത്തിന്റെ വേദിയായത് കൊണ്ട് പള്ളികളേക്കാൾ അല്ലാഹുവിന് പ്രിയപ്പെട്ട സ്ഥലം ഭൂമിയിലില്ല. നമസ്കാരവും പ്രാർഥനയും ഖുർആൻ പഠനവും ഇസ്‌ലാമിനെ കുറിച്ച ചർച്ചകളും കൊണ്ട് അനുഗ്രഹീതമായ പള്ളിയിൽ അൽപസമയം ചെലവഴിക്കുക പലർക്കും അസഹ്യമാണ്. പള്ളിയിൽ അധികസമയം ഇരിക്കുന്നത് നല്ലതല്ല എന്ന് തോന്നിപ്പിക്കുന്ന രീതിയിലാണ് പലരുടെയും പെരുമാറ്റം. വെള്ളിയാഴ്ച ഖുത്വ്ബ കഴിയും വരെ അങ്ങാടിയിലിരുന്ന് നമസ്കാര സമയത്ത് മാത്രം പള്ളിയിലേക്ക് കയറി വരികയും നമസ്കാരം കഴിഞ്ഞാൽ ഉടനെ ഇറങ്ങിപ്പോവുകയും ചെയ്യുന്നവർ നമുക്കിടയിൽ സർവസാധാരണമാണല്ലോ.

മഗ്‌രിബ് ബാങ്ക് കേട്ടാലും പീടികത്തിണ്ണയിലും വെയ്റ്റിംഗ് ഷെഡിലും അനങ്ങാതെ ഇരിക്കുന്ന ചെറുപ്പക്കാർ ഉൾപ്പെടെയുള്ളവർ ഇന്ന് ഒരു ദുരന്ത കാഴ്ചയാണ്. വൈകുന്നേരത്തോടെ വീട് വിട്ട് അങ്ങാടിയിലേക്കിറങ്ങുന്നവർ ഇന്ന് നമുക്കിടയിൽ ഒട്ടും കുറവല്ല. പാതിരാവു വരെ അനാവശ്യമായി അങ്ങാടികളിൽ ചെലവഴിക്കുന്നവർ അല്ലാഹുവിന്റെ വെറുപ്പിനെ ക്ഷണിച്ചുവരുത്തുകയാണ് ചെയ്യുന്നത് എന്ന് ഉപരി സൂചിത ഹദീസ് പഠിപ്പിക്കുന്നു.

കള്ളവും ചതിയും വഞ്ചനയും കള്ളസത്യവും മ്ലേഛ പ്രവൃത്തികളും സംസാരങ്ങളും വഴക്കും അടിപിടിയുമെല്ലാം അരങ്ങേറുന്ന ഇടമാണ് അങ്ങാടി. അവിടെ തമ്പടിച്ച് വെറുതെ സമയം കളയുന്നവരും നിരവധി. രാത്രിയായാൽ സാമൂഹ്യവിരുദ്ധരുടെ സങ്കേതമാണല്ലോ അങ്ങാടികൾ. അവിടെയാണ് പ്രവാചകന്റെ മുന്നറിയിപ്പ് അവഗണിച്ച് മുസ്‌ലിം ചെറുപ്പക്കാർ സമയം ചെലവഴിക്കുന്നത്.

പല ആവശ്യങ്ങൾക്കും നമുക്ക് അങ്ങാടികളിൽ പോകേണ്ടി വരാറുണ്ട്. അപ്പോഴെല്ലാം ജാഗ്രത പാലിക്കണമെന്നും പ്രവാചകൻ ഉദ്ബോധിപ്പിക്കുന്നു. ഒരിക്കൽ പ്രവാചകൻ പറഞ്ഞു: കഴിവതും അങ്ങാടിയിൽ ആദ്യം പ്രവേശിക്കുന്നവനും അവിടെ നിന്ന് അവസാനം പുറപ്പെടുന്നവനും നീ ആകാതിരിക്കാൻ ശ്രദ്ധിക്കണം. നിശ്ചയം അത് പിശാചിന്റെ സങ്കേതമാണ്. അവിടെയാണ് അവൻ പതാക നാട്ടുന്നത് (മുസ്‌ലിം), അവിടെ പിശാച് മുട്ടയിട്ട് അടയിരിക്കുകയാണ് (ത്വബ്റാനി). നമ്മുടെ ആവശ്യം നിർവഹിച്ച് എത്രയും പെട്ടെന്ന് അങ്ങാടിയിൽ നിന്ന് പുറത്തുകടക്കണമെന്നാണ് സത്യവിശ്വാസിയോട് ഇസ്‌ലാം ആവശ്യപ്പെടുന്നത്. അതേസമയം, അങ്ങാടിയിലെ കച്ചവടക്കാരുടെ സംസ്കരണം വിശ്വാസിയുടെ അജണ്ടയുമാവണം. അല്ലാഹുവിന്റെ കാവൽ തേടിക്കൊണ്ട് വേണം അത് നിർവഹിക്കാൻ.

അങ്ങാടിയിൽ കച്ചവടം ചെയ്യുന്നവരും പിശാച് തങ്ങളിൽ സ്വാധീനം നേടാതിരിക്കാൻ സദാ സൂക്ഷ്മത പുലർത്തണം. സാധനങ്ങൾ വിറ്റഴിയാൻ വേണ്ടി ഇല്ലാത്ത മേന്മകൾ ഉണ്ടെന്ന് പറയുക, കേടുവന്ന സാധനങ്ങൾ നൽകി പറ്റിക്കുക, സാധനങ്ങൾ പൂഴ്ത്തി വെച്ച് കൃത്രിമ ക്ഷാമം സൃഷ്ടിക്കുക മുതലായവയെല്ലാം പിശാചിന്റെ പ്രലോഭനങ്ങളിൽ നിന്നുണ്ടാകുന്നതാണ്. ആളുകളെ വഴികേടിലാക്കാൻ പിശാച് തെരഞ്ഞെടുത്ത സ്ഥലമായതിനാൽ, അത് അല്ലാഹു വെറുക്കുകയും അല്ലാഹുവിന്റെ കോപം വർഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന സ്ഥലമാണ്. അത്തരം സ്ഥലങ്ങളിൽ നിന്ന് ദ്രുതഗതിയിൽ പുറത്തുകടക്കുക എന്നതായിരുന്നു പ്രവാചകന്റെ രീതി. അതിനാൽ അങ്ങാടിയിൽ പ്രവേശിക്കുമ്പോൾ പ്രത്യേക പ്രാർഥനപോലും ചൊല്ലണമെന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ട്. ■